(ബി) ഈ കരാറനുസരിച്ച് വൈദ്യുതി ബോർഡ് ബി.എസ്.ഇ.എസിന് ഇതുവരെ നൽകിയ ഫിക്സഡ് ചാർജ്ജ്, വേരിയബിൾ ചാർജ് എന്നിവ എത്രയാണെന്ന് വിശദമാക്കുമോ ;

(സി) കരാർ പ്രകാരം വൈദ്യുതി ബോർഡ് ആകെ വാങ്ങിയ വൈദ്യുതി എത്രയാണ് ; ഇതനുസരിച്ച് ഓരോ യൂണിറ്റ് വൈദ്യുതിക്കും വൈദ്യുതി ബോർഡിന് എത്ര രൂപ ചെലവ് വന്നിട്ടുണ്ട് ;

(ഡി) കരാർ നീട്ടി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കരാറനുസരിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, ബി.എസ്.ഇ.എസ്. കേരള പവർ ലിമിറ്റഡിന് 2001 നവംബർ മുതൽ 2015 സെപ്റ്റംബർ വരെ ഫിക്സഡ് ചാർജ്ജിനത്തിൽ 1263.93 കോടി രൂപയും വേരിയബിൾ ചാർജ്ജിനത്തിൽ 2649.55 കോടി രൂപയും നൽകിയിട്ടുണ്ട്. ഫിക്സഡ് ചാർജ്ജ് ലാന്റ് ഫീസ് ചാർജ്ജ് ഉൾപ്പെടെയാണ് കണക്കാക്കിയിരിക്കുന്നത്.

(സി) കരാർ പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, ആകെ 4255.306 മില്യൺ യൂണിറ്റ് വൈദ്യുതി വാങ്ങിയിട്ടുണ്ട്. ഇതനുസരിച്ച് ഒരു യൂണിറ്റ് വൈദ്യുതിക്ക് 9 രൂപ 19 പൈസ ചെലവ് വന്നിട്ടുണ്ട്.

(ഡി) 20-5-2015-ൽ ചേർന്ന കെ.എസ്.ഇ.ബി.എൽ. ഡയറക്ടർ ബോർഡ് യോഗം പ്രസ്തുത കരാർ രണ്ട് വർഷത്തേക്ക് കൂടി ചില നിബന്ധനകൾക്ക് വിധേയമായി നീട്ടാൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയത് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതിക്ക് വിധേയമായിട്ടായിരിക്കും. വൈദ്യുതി വാങ്ങൽ കരാർ നീട്ടുന്ന കാര്യം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ പരിഗണനയിലാണ്.

വൈദ്യുതി പ്രസരണ മേഖലയിലെ നേട്ടങ്ങൾ

64(431) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി പ്രസരണ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണ് ;

(ബി) പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 40 സബ്സ്റ്റേഷനുകളും (220 കെ.വി. -2, 110 കെ.വി. -13, 66 കെ.വി.-4, 33 കെ.വി. - 21) അനുബന്ധ ലൈനുകളും (220 കെ.വി. -73.98 സി.കെ.എം.. 110 കെ.വി.- 191.947 സി.കെ.എം., 66 കെ.വി. -3.22 സി.കെ.എം., 33 കെ.വി. - 238.545 സി.കെ.എം.) കമ്മീഷൻ ചെയ്തു. കൂടാതെ നിലവിലുള്ള സബ്സ്റ്റേഷനുകളിലെ ട്രാൻസ്ഫോർമറുടെ ശേഷി വർദ്ധിപ്പിച്ചതുവഴി 1692.5 എം.വി.എ. അധികമായി കൂട്ടി ചേർത്തു.

(ബി) പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമാണെന്നു കാണുന്ന സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകളും പ്രസരണ ലൈനുകളും നിർമ്മിക്കുവാനും, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും, ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുവാനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഫീഡറുകളിലെ ലോഡും സബ്സ്റ്റേഷനുകൾ ഫീഡു ചെയ്യുന്ന രീതികളും പുനഃക്രമീകരിക്കുക മുതലായ നടപടികളും കൈകൊണ്ടു വരുന്നു. ലൈനുകളുടെയും സബ്സ്റ്റേഷനുകളുടെയും അറ്റകുറ്റപണികൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. സബ്സ്റ്റേഷനുകളിൽ കപ്പാസിറ്റർ ബാങ്ക് സ്ഥാപിക്കുവാനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

വൈദ്യുതി റീഡിംഗ്

65 (432) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി റീഡിംഗ് രേഖപ്പെടുത്താൻ എത്തുമ്പോൾ രണ്ടു പ്രാവശ്യം വീട് പൂട്ടിക്കിടന്നാൽ പിഴ ഈർപ്പെടുത്താനോ, വൈദ്യുതി വിച്ഛേദിക്കാനോ ഉള്ള വ്യവസ്ഥ ഉൾപ്പെടുത്തി ഉത്തരവുണ്ടായിട്ടുണ്ടോ ; എങ്കിൽ അത് പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത വ്യവസ്ഥ വേണ്ടത്ര മുൻകരുതലുകൾ സ്വീകരിക്കാതെ ഏർപ്പെടുത്തുന്നതിലെ നീതിരാഹിത്യം ബോദ്ധ്യമായിട്ടുണ്ടോ ; എങ്കിൽ എന്ത് തുടർ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇക്കാര്യത്തിൽ ഉപഭോക്താക്കൾ നേരിടേണ്ടി വരുന്ന സുരക്ഷാ പ്രശ്നങ്ങൾ പരിഗണിക്കപ്പെട്ടിട്ടുണ്ടോ ; മീറ്റർ റീഡിംഗിന് നിശ്ചിത ദിവസവും, സമയവും മുൻകൂർ അറിയിക്കാൻ വ്യവസ്ഥ നിലിവിലുണ്ടോ ;